2025-26

# സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാൻ







# ആമുഖം

മലപ്പുറം ജില്ലയിലെ ഭാരതപ്പുഴയുടെ തീരത്ത്, പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടന്നിരുന്ന ഉത്സവമായ "മാമാങ്കം", അരങ്ങേറിയിരുന്ന നമ്മുടെ സ്വന്തം തിരുന്നാവായ പഞ്ചായത്തിന്റെ ഒരു പ്രധാനഗ്രാമപ്രദേശമാണ് സൗത്ത് പല്ലാർ, 1973-ൽ സൗത്ത് പല്ലാറിൽ സ്ഥാപിച്ച ഏക വിദ്യാഭ്യാസ (ഗവൺമെന്റ്) സ്ഥാപനമായ "ജി.എം.എൽ.പി.എസ് സൗത്ത് പല്ലാർ" സാമ്പത്തികപിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനും, ഒരു നേരത്തെ വിശപ്പടക്കുന്നതിനും ആദ്യകാലങ്ങളിൽ നമ്മുടെ സ്കൂളിന് സാധിച്ചു.

വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്നിരുന്ന സൗത്ത് പല്ലാർ ഇന്ന്, ഒരുപാട് ഉയർന്ന മേഖലയിൽ ജോലി ചെയ്യുന്ന വ്യക്തികളെ വാർത്തെടുക്കുന്നതിന് നമ്മുടെ സ്കൂൾ വളരെയേറെ സഹായകമായിട്ടുണ്ട്. അതിലുപരി ഒരുപാട് മാറ്റങ്ങൾ നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. സാമ്പത്തിക പിന്നോക്കം നിൽക്കുന്ന സാധാരണക്കാർ കൂടുതലുള്ള ഈ ഗ്രാമത്തിൽ അവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്താനും ഇവരുടെ പരിമിതമായ പഠന സാഹചര്യം കണക്കിലെടുത്തുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

## അടിസ്ഥാന വിവരങ്ങൾ:

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | GMLP സ്കൂൾ സൗത്ത് പല്ലാർ |
| വിലാസം | : | വൈരങ്കോട്. പി ഒ തിരുന്നാവായ, 676301 മലപ്പുറം. |
| സ്കൂൾ കോഡ് | : | 19727 |
| വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| ഉപജില്ല | : | തിരൂർ |
| ബി ആർ സി | : | തിരൂർ |
| പഞ്ചായത്ത് | : | തിരുന്നാവായ |
| ബ്ലോക്ക് | : | തിരൂർ |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | തിരൂർ |
| താലൂക്ക് | : | തിരൂർ |
| വില്ലേജ് | : | തിരുന്നാവായ |
| ഇമെയിൽ | : | headmastersouthpallar@gmail.com |
| ഫോൺ നം: | : | 8590030352 |

| പ്രവർത്തനങ്ങൾ | മാസം |
|---|---|
| ചാന്ദ്ര നിരീക്ഷണം - അമ്പിളിക്കല | ജൂലൈ |
| കഥയരങ്ങ് - ഞാനൊരു കഥപറയട്ടെ? | ഓഗസ്റ്റ് |
| പാട്ട് അരങ്ങ് - കൊട്ടും പാട്ടും | സെപ്റ്റംബർ |
| ശാസ്ത്രോത്സവം - ശാസ്ത്രകേളി | ഒക്ടോബർ |
| വരയനുഭവം - കുത്തിവര | നവംബർ |
| പ്രവർത്തി പരിചയം - തോരണം | ഡിസംബർ |
| നാടൻ കളികൾ - കുട്ടിയും കോലും | ജനുവരി |
| ഗണിതത്തെ അറിയാം - ഗണിതവിരായി | ഫെബ്രുവരി |

# മേഖല : നല്ല വായന, നല്ലെഴുത്ത്

ലക്ഷ്യം - സ്കൂളിലെ മുഴുവൻ കുട്ടികളെയും നല്ല വായനക്കാരും എഴുത്തുകാരും ആക്കി മാറ്റുക.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വായന സാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക. | • എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കാൻ ജന്മദിന കലണ്ടർ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ഇത് പ്രകാരം 10 ദിവസം മുൻപായി കുട്ടിയെ ഓർമ്മപ്പെടുത്തുന്നു. പുസ്തകം ഏറ്റുവാങ്ങുന്നു.<br>• വായന കാർഡുകൾ - ഓരോ ക്ലാസിനും അനുയോജ്യമായ വായന കാർഡുകൾ നിർമ്മിക്കൽ.<br>* ആദ്യ സി.പി.ടി.എ യിൽ ചർച്ച ചെയ്യുന്നു. ശിൽപശാലകൾ സംഘടിപ്പിച്ച് മാതൃകകൾ കാണിച്ച് രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വായനക്കാർഡുകൾ എല്ലാ ക്ലാസുകളിലും തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| സ്കൂൾ ലൈബ്രറി | • ജൂൺ ആദ്യവാരത്തിൽ സ്കൂൾ ലൈബ്രറി | ജൂൺ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | • നവീകരിക്കാൻ, രജിസ്റ്ററിൽ പുസ്തകങ്ങളെ ക്ലാസ് തലത്തിൽ തരം തിരിച്ച് അധ്യാപകർക്ക് നൽകാൻ, ക്ലാസ് രജിസ്റ്റർ സൂക്ഷിക്കാൻ, ക്ലാസ് ലൈബ്രറിയുടെ സജീവ പ്രവർത്തനം ഉറപ്പാക്കാൻ, ക്ലാസ് തലത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നു.<br>• വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ എന്നിങ്ങനെ ഓരോ പതിപ്പുകൾ എല്ലാ ക്ലാസിലും തയ്യാറാക്കപ്പെടുന്നു. ഓരോ മാസവും ക്ലാസ് ലീഡർമാർ അസംബ്ലിയിൽ തങ്ങളുടെ പതിപ്പുകൾ പ്രകാശനം ചെയ്യുന്നു | | ലൈബ്രറി ചുമതല ഉള്ള അധ്യാപകൻ |
| | • വായനാക്കൂട്ടം - എല്ലാ ക്ലാസ്സുകളിലും അഞ്ചുപേർ വീതമുള്ള കുട്ടികളുടെ കൂട്ടങ്ങൾ ആകുന്നു. ഇവർക്ക് ചുമതല നൽകുന്നു. കാർഡുകളുടെ വായന പുസ്തക വായന തുടങ്ങിയവ വായനാക്കൂട്ടം ലീഡറുടെ | | ജൂലായ് |

| | | | |
|---|---|---|---|
| | പ്രവർത്തന നേതൃത്വത്തിൽ എല്ലാ ക്ലാസിലും നടക്കുന്നു. എല്ലാ മാസത്തിലും ലീഡർമാർ വിലയിരുത്തൽ നടത്തുന്നു.<br>• കാർഡ് വായന (1,2 ക്ലാസുകൾ)- വായനാക്കൂട്ടം ലീഡറുടെ നേതൃത്വത്തിൽ കുട്ടികൾ ഒരു വായന കാർഡ് വായിക്കുന്നു. ഗ്രൂപ്പിൽ ലീഡർ വിലയിരുത്തുന്നു. എല്ലാ മാസവും മികച്ച വായനക്കാരെ കണ്ടെത്തി അനുമോദിക്കൽ.<br>• ദിനാചരണ പുസ്തക വായന- വിവിധ ദിനാചരണവുമായി ബന്ധപ്പെടുത്തി പുസ്തകം ഒരുക്കൽ. എല്ലാ ദിനാചരണങ്ങളിലും ക്ലാസിൽ ആ പുസ്തകം വായിക്കൽ | ജൂലായ്<br><br>ജൂൺ- മാർച്ച് | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | • വായനാക്കുറിപ്പ് മത്സരം, ആസ്വാദനക്കുറിപ്പ് മത്സരം എന്നിവ ടേമിൽ ഒരു തവണ സ്കൂൾ തലത്തിൽ നടത്തൽ, വിജയികൾക്ക് സമ്മാനം നൽകൽ.<br>• എല്ലാ ക്ലാസിലും അഞ്ചുകുട്ടികൾ വീതമുള്ള എഴുത്ത് കൂട്ടം രൂപീകരിക്കുന്നു. വ്യക്തിഗത രചന, ഗ്രൂപ്പ് രചന എന്നിവ എഴുത്തുകൂട്ടം ലീഡറുടെ നേതൃത്വത്തിൽ നടക്കുന്നു. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ SRG കൺവീനർ |

| | | | |
|---|---|---|---|
| | • കഥ, കവിത ആസ്വാദനക്കുറിപ്പ് വായനാക്കുറിപ്പ് എന്നിങ്ങനെ വ്യത്യസ്ത വ്യവഹാര രൂപങ്ങളുമായി ബന്ധപ്പെട്ട് രചനാമത്സരങ്ങൾ ശില്പശാലയായി നടത്തുന്നു. സ്കൂൾ തല രചനകൾ മെച്ചപ്പെടുത്തി സ്കൂൾ മാഗസിനിലേക്ക് തെരഞ്ഞെടുക്കുന്നു. | | മാർച്ച് |
| | • കയ്യെഴുത്തു മാസിക - ക്ലാസ് തലത്തിൽ രൂപപ്പെടുന്ന മികച്ച സൃഷ്ടികൾ, എഴുത്തുകൂട്ടം ശില്പശാലയിൽ രൂപപ്പെട്ട മികച്ച സൃഷ്ടികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്യുന്നു. | | സെപ്തം-ബർ - ഫെബ്രുവരി |
| | • സമാന കഥ, കവിത കണ്ടെത്താം - ഭാഷാ പ്രോജക്ട് ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി സമാന കഥകൾ, കവിതകൾ, വിവരണം, ദൃശ്യാത്മക വിവരണം തുടങ്ങിയ വിവിധ വ്യവഹാര രൂപങ്ങളുടെ സമാന രൂപങ്ങൾ കണ്ടെത്തി കുട്ടികൾ എഴുതി വരുന്ന ചർച്ചകളും വികസിപ്പിക്കൽ. ഓരോ ക്ലാസിലും ഭാഷാ പ്രോജക്ട് കൂടുതൽ വികസിപ്പിച്ച കുട്ടിക്ക് മാർച്ച് മാസം | | സെപ്തം-ബർ |

| | | | |
|---|---|---|---|
| | അവസാനം അസംബ്ലിയിൽ സമ്മാനം നൽകൽ | | |
| | | | |

| | | | |
|---|---|---|---|
| | * മലയാള മധുരം എന്ന പ്രവർത്തനം കുട്ടിയും രക്ഷിതാവും ചേർന്ന് വായന ആരംഭിക്കുന്നു. തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം വായന ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.<br>• രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചന നടത്തുന്നു. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു. എന്റെ കഥാപുസ്തകം പ്രസിദ്ധീകരിച്ച പ്രകാശനം നടത്തുന്നു. വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.<br>• സംയുക്ത ഡയറി സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു-<br>• സചിത്ര പുസ്തകം.<br>• ക്ലാസ് പത്രം. | | |
| അടിസ്ഥാന ഭാഷാശേഷി ഉറപ്പിക്കുക. | • ഭാഷാ ക്യാമ്പ്-പ്രീ ടെസ്റ്റ് (ജൂൺ ആദ്യ ആഴ്ച്ച നടത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾ, മേഖലകൾ എന്നിവ തിരിച്ചറിയുന്നു. രക്ഷിതാക്കളുടെ യോഗ | | |

| | | | |
|---|---|---|---|
| | വിളിച്ച് പിന്നോക്ക മേഖല ബോധ്യപ്പെടുന്നു. ഇത്തരം കുട്ടികൾക്കായി ഒരു ഭാഷാ ക്യാമ്പ് സംഘടിപ്പിക്കുന്നു. അക്ഷരമുറപ്പിക്കൽ, അടയാളങ്ങൾ ഉറപ്പിക്കൽ, അക്ഷര കാർഡുകൾ പദകാർഡുകൾ, ചിത്രങ്ങൾ, ICT പ്രദർശനം, എന്നിവ ഉൾപ്പെടുത്തി പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുന്നു. ക്ലാസ് അത് ഫലപ്രദമായി നടപ്പിലാക്കുന്നു.<br>* 1, 2 ക്ലാസുകൾ മുഴുവൻ കുട്ടികളും റീഡർ തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. മികച്ച വായനക്കാരായി മാറുന്നു.<br>* ഭാഷോത്സവം.<br>* രചനോത്സവം.<br>* സർഗോത്സവം.<br>* കാവ്യോത്സവം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |

## മേഖല - ഗണിതപഠനം ലളിതമാക്കൽ.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുന്നു. | ജൂൺ ആദ്യ വാരം 2, 3, 4 ക്ലാസുകളിൽ ഗണിതം പ്രീ ടെസ്റ്റ് നടത്തുന്നു. അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികൾക്കായി പ്രത്യേക ക്ലാസ് സംഘടിപ്പിക്കുന്നു. സങ്കലനം, വ്യവകലനം, ~~ഗുണനം~~ എന്നീ മേഖലകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പാഠഭാഗത്തോടൊപ്പം കൂടുതൽ ഊന്നൽ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |
| ഗണിതപഠനം ലഘൂകരിക്കൽ | ഓരോ ക്ലാസിനും ഉചിതമായ ഗണിതപഠന സാമഗ്രികൾ അമ്മമാരുടെ സഹായത്തോടെ നിർമ്മിക്കുന്നു. എല്ലാ ക്ലാസിലും ലളിതമായ ഗണിത ലാബ് ഒരുക്കുന്നു. | ജൂൺ | SRG കൺവീനർ |
| ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കുന്നതിന്. | ഗണിത ക്ലബ്ബ് - എല്ലാ ക്ലാസിൽ നിന്നും കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് ജൂലൈ ആദ്യവാരം രൂപീകരിക്കുന്നു. സംഖ്യാ ചാർട്ടുകൾ | ജൂലൈ | ക്ലബ്ബ് കൺവീനർ. |

| | | | |
|---|---|---|---|
| | കാർഡുകൾ, സംഖ്യയും ചിത്രവും, കുസൃതി കണക്കുകൾ എന്നിവ നോട്ടീസ് ബോർഡിൽ രണ്ടാഴ്ച്ചയിൽ ഒരിക്കൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഗണിത കാര്യം പുസ്തകത്തിൽ എഴുതുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു വിലയിരുത്തുന്നു. ഓരോ മാസവും ക്ലബ്ബ് മീറ്റിങ്ങിൽ അവലോകനം നടത്തുന്നു.<br>• ഗണിത ചോദ്യങ്ങൾ – രണ്ടാഴ്ച്ച കൂടുമ്പോൾ ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ ഇടുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. ഓരോ ടേമിലും ഗണിതക്വിസ് നടത്തുന്നു. (ഓഗസ്റ്റ് ഡിസംബർ ഫെബ്രുവരി മാസങ്ങളിൽ) | | |

## മേഖല :- ഇംഗ്ലീഷ് ഭാഷാശേഷി വികാസം

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ ഉതകുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷത്തെ കാർഡുകൾ നിർമ്മിക്കൽ. | • വിദ്യാലയത്തിനകത്തുള്ള എല്ലാ സ്ഥലങ്ങളിലും (ടോയ്‌ലെറ്റ്, ഭക്ഷണപ്പുര, ഓഫീസ്റൂം, ക്ലാസ്റൂം) ഇംഗ്ലീഷ് ലേബൽ പതിപ്പിക്കുക.<br>• എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ പേര് എഴുതിയ ഐഡന്റിറ്റി കാർഡുകൾ നിർമ്മിക്കൽ. | ജൂൺ. | ക്ലാസ് ടീച്ചർ<br>PTA |

| | | | |
|---|---|---|---|
| • മാറ്റിയെടുക്കൽ.<br>• ഇംഗ്ലീഷിൽ സ്വതന്ത്രമായി ആശയവിനിമയം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ<br>• അടിസ്ഥാന ഭാഷാശേഷി ഉറപ്പിക്കുക.<br>• ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ.<br>• കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>• അടിസ്ഥാന ശേഷി ഉറപ്പിക്കൽ. | • Pre test 2,3,4 ക്ലാസുകളിലെ ഇംഗ്ലീഷ് പ്രീ ടെസ്റ്റ് നടത്തുന്നു.<br>• കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ.<br>• ആഴ്ച്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആചരിക്കുന്നു. നോട്ടിസ് ബോർഡിൽ പ്രദർശിപ്പിച്ച തീമുമായി ബന്ധപ്പെട്ട പരമാവധി വാക്കുകൾ കുട്ടികൾ ഇംഗ്ലീഷിൽ എഴുതുന്നു. ആഴ്ച്ചയിൽ ക്ലാസിലെ ടീച്ചർ കുട്ടികളുടെ പുസ്തകം നോക്കി വിലയിരുത്തുന്നു. കൂടുതൽ വാക്കുകൾ കണ്ടെത്തിയവരെ അഭിനന്ദിക്കുന്നു.<br>• വായനക്കാർഡുകൾ<br>അക്ഷരക്കാർഡുകൾ, ചിത്രക്കാർഡുകൾ, പദക്കാർഡുകൾ, ലഘുവിവരണം, എന്നിങ്ങനെ വിവിധ നിലവാരത്തിലുള്ള വായനക്കാർഡുകൾ ലഭ്യമാകുന്നു.<br>• വായന പുസ്തകങ്ങൾ<br>കുട്ടികൾക്കു നൽകുന്ന ലൈബ്രറി പുസ്തകങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു കുട്ടികൾക്ക് വായിക്കാൻ നൽകുന്നു. | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചർ. |

| | | | |
|---|---|---|---|
| | * കയ്യെഴുത്തു മാസിക രൂപീകരണത്തിനായി ഒരു ശില്പശാല നടത്തുന്നു. കഥ, കവിത, അടിക്കുറിപ്പ് വിവരണം എന്നിങ്ങനെ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| | വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ രചന നടത്തി മെച്ചപ്പെട്ടത് കണ്ടെത്തുന്നു. കയ്യെഴുത്ത് മാസികയിലേക്ക് ചേർക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| | * ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. അസംബ്ലിയിൽ പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത വായന, ഇന്നത്തെ ചിന്താവിഷയം എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. 'Let us listen' എന്ന പേരിൽ എല്ലാ ഇംഗ്ലീഷ് അസംബ്ലിയിലും വായനകാർഡോ പുസ്തകമോ വായിച്ച് അവതരിപ്പിക്കുന്നു. | | ക്ലാസ് ടീച്ചർ |
| | * ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം. | | |
| | ഓരോ ക്ലാസിൽ നിന്നും 5 കുട്ടികളെ ഉൾപ്പെടുത്തി ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കൽ. Language games, puzzles, Riddles എന്നിവ എല്ലാ ആഴ്ചയും നോട്ടീസ്ബോർഡിൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | എഴുതിയത് കുട്ടികൾ ഇംഗ്ലീഷ് നോട്ട്ബുക്കിലേക്ക് എഴുതിയെടുക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. ടിപ്സ് വിലയിരുത്തുന്നു. | | |

# മേഖല : അറബിക് ഭാഷാശേഷി വികാസം

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തുരൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജ്ജിക്കൽ. | * അക്ഷരങ്ങളുടെ രൂപവത്കരം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ട് വരും. നേരത്തെ തയ്യാറാക്കിയ അറബി അക്ഷര പഠന സഹായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ, ഐസിടി ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. അധ്യയന വർഷം മുഴുവനും അറബി ഭാഷാശേഷി വർധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക, പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യം ഒരുക്കുന്നു. ദൈനം- | ജൂൺ – മാർച്ച് | |

| | | | |
|---|---|---|---|
| | ദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും. മത്സര ബോധത്തോടെ കുട്ടികൾ പങ്കാളികളാകുകയും ചെയ്യുന്നു. | | |
| * അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുന്നു. | * പാഠപുസ്തകത്തിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | | |
| * ഭാഷ അഭിരുചി, വായന താൽപര്യം, പൊതുവിജ്ഞാനം തുടങ്ങിയവ വർധിപ്പിക്കാൻ. | * വായന മത്സരം സംഘടിപ്പിക്കുന്നു. പൊതുവിജ്ഞാനം അറബി ഭാഷ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമുള്ള ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | | |
| * അറബി ഭാഷാ വിനിമയശേഷി വർധിപ്പിക്കാൻ. | * അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കു നേരെ ബന്ധപ്പെട്ട [illegible] അറബി പ്രസംഗം തുടങ്ങിയ മത്സര പരിശീലനത്തിലൂടെ [illegible] പ്രവർത്തനം. | | |
| * വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗാത്മക | * ഓരോ ദിനാചരണത്തിന്റെ ഭാഗമായി ക്ലാസിലെ ക്വിസ് മത്സരം നടത്തുകയും പ്ലക്കാർഡ്, ചാർട്ട് നിർമാണം പോലുള്ള ക്ലാസ് | | |

| | | | |
|---|---|---|---|
| വർദ്ധിപ്പിക്കൽ. | തല പ്രവർത്തനങ്ങൾക്കുള്ള സാഹചര്യം ഒരുക്കുന്നു. അതിന് വിദഗ്ധികളായ പ്രതിഭകൾക്ക് സമ്മാനം നൽകുന്നു. | | |
| * അക്കാദമിക പഠനത്തിൽ ICT സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കൽ. | * ബന്ധപ്പെട്ട പ്രധാന ഭാഗങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളിൽ ഐസിടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | |

# മേഖല- പരിസര പഠന പഠനം രസകരമാക്കൽ

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * പരിസരപഠന നിലവാരം ഉയർത്തുന്നതിന്<br>* പാരിസ്ഥിതിക അവബോധം വളർത്തുന്നതിന് | * പ്രകൃതി നിരീക്ഷണം<br>* ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനങ്ങളുടെ ആസൂത്രണവും<br>* പാർലമെന്റ് തെരഞ്ഞെടുപ്പ്<br>* ചാന്ദ്രദിനാചരണം<br>* റോഡ് സുരക്ഷാ ബോധവൽക്കരണം. | ജൂൺ | ക്ലാസ് ടീച്ചർ |
| * ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നതിന്<br>* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നതിന് | * പ്രകൃതി പഠനയാത്ര<br>* ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്.<br>* കുടിവെള്ള പരിശോധന<br>* സയൻസ് കോർണർ സജ്ജമാക്കൽ<br>* സഹവാസ ക്യാമ്പ്<br>* പഠനയാത്ര<br>* ശാസ്ത്ര പ്രദർശനം | സെപ്റ്റംബർ ഒക്ടോബർ ഡിസംബർ | SRG കൺവീനർ |

# മേഖല- ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പ് വരുത്തുക.<br>* ആരോഗ്യ ശീലങ്ങൾ വളർത്തുക.<br>* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരം നൽകാൻ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ. | * നാടൻ കളികൾ പരിചയപ്പെടുത്തൽ. കളിക്കാനവസരം നൽകൽ<br>* കായിക പരിശീലനം നൽകൽ<br>* കായിക ഉപകരണങ്ങൾ പരിചയപ്പെടൽ<br>* ആരോഗ്യ ബോധവൽക്കരണം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |

# വേല: കലാപഠനം പ്രവർത്തി പരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| * വിവിധ കലകളെ കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നൽകുക.<br>* പഠിതാവിന്റെ നൈസർഗിക കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.<br>* അഭിരുചിക്കനുസരിച്ച് കലകൾ അഭ്യസിക്കാനവസരം നൽകുക.<br>* കലകൾ ഉപയോഗപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുക. | * വിവിധ കലകളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ<br>* സർഗ്ഗവേളകളിൽ അവതരിപ്പിക്കാൻ അവസരം നൽകൽ.<br>* ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനവസരം നൽകൽ.<br>* കലാരൂപങ്ങളുടെ വീഡിയോ പ്രദർശനം<br>* പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം.<br>* പ്രവൃത്തി പരിചയ മേള നടത്തൽ. | ജൂൺ - മാർച്ച്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>SRG കൺവീനർ |

| മേഖല - | കമ്പ്യൂട്ടർ പഠനം | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പരമാവധി ഉപയോഗിച്ച് പ്രവർത്തിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന്<br>അറിവുനിർമ്മാണ പ്രക്രിയയിൽ IT യെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്<br>കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാനാവശ്യമായ അടിസ്ഥാന ധാരണകളും ശേഷികളും വളർത്തുന്നതിന്. | * Digital magazine നിർമ്മാണം<br>* കമ്പ്യൂട്ടറിന്റെ അനുബന്ധ ഉപകരണങ്ങൾ പരമാവധി പ്രവർത്തിപ്പിക്കാനുള്ള പരിശീലനം നൽകൽ<br>* ടൈപ്പിംഗ്, ചിത്രം വരക്കൽ തുടങ്ങിയ അടിസ്ഥാന ശേഷികളിൽ പരിശീലനം<br>* ക്ലാസ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ | ജൂൺ — മാർച്ച് | ക്ലാസ് ടീച്ചർ |
| മേഖല | ശുചിത്വം | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| കുട്ടികളിൽ ശുചിത്വ ബോധം വളർത്തൽ<br>ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ | ക്ലോറിനേഷൻ പ്രവർത്തനങ്ങൾ<br>* വാട്ടർ ടാങ്ക് ക്ലീനിംഗ്<br>* ക്ലാസ് റൂം, പരിസരം വൃത്തിയാക്കൽ<br>* ഡ്രൈ ഡേ<br>* വ്യക്തി ശുചിത്വ ക്ലാസുകൾ | ജൂൺ — മാർച്ച് | HM<br>ക്ലാസ് ടീച്ചർ<br>SRG കൺവീനർ |

| | | | |
|---|---|---|---|
| വ്യക്തിത്വ വൈശിഷ്ട്യം, സാമൂഹ്യ ശുചിത്വം തുടങ്ങിയവയിൽ ബോധവൽക്കരണം; വ്യക്തിത്വ വികസനത്തിന് ശുചിത്വത്തിന്റെ പങ്ക് ആദിയായവയെ ബോധവൽക്കരണം | ആരോഗ്യ ബോധവൽക്കരണ ക്ലാസ്<br>* ശുചിത്വത്തിന്റെ ബോധവൽക്കരണ ക്ലാസുകൾ<br>* ലഹരി വിരുദ്ധ ബോധവൽക്കരണം.<br>* വീഡിയോ പ്രദർശനം.<br>* വാർത്തകൾ ശേഖരണ പ്രദർശനങ്ങൾ | | |
| മേഖല - | നേതൃത്വശേഷി വളർത്തൽ | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ചുമതല |
| ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസൃതമായ ക്ലബ്ബുകളിൽ അംഗമാവാനും പ്രവർത്തിക്കാനുമുള്ള അവസരം നൽകുന്നു. കുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാനും പ്രകടിപ്പിക്കുന്നതിനും. | * സ്കൂൾ തലത്തിൽ വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നു.<br>* കുട്ടികളുടെ താത്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ഓരോ കുട്ടിയെയും ഏതെങ്കിലും ക്ലബ്ബിൽ അംഗമാക്കുക.<br>* വിദ്യാലയത്തിൽ നിന്ന് ഓരോ ക്ലബ്ബിന്റെ സെക്രട്ടറി സ്ഥാനത്തിന് പകുതി പേർ പെൺകുട്ടികളായിരിക്കണം. | ജൂൺ - മാർച്ച് | SRG. |

| | | | |
|---|---|---|---|
| • കുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും അവസരം നൽകുക<br>• സ്കൂളിലെ ക്ലബ്ബുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കാളിത്തത്തിന് തുല്യ അവസരങ്ങൾ നൽകുക. | • ഓരോ ക്ലബ്ബുകളുടെയും ചാർജ് ഓരോ അധ്യാപകർക്ക് നൽകുന്നു.<br>• ഒരു വർഷത്തേക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു.<br>• ലീഡർമാർക്ക് ഉള്ള പരിശീലനം. | | |

## മേഖല - അപായരഹിതമായ വിദ്യാലയ അന്തരീക്ഷം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികൾക്കും സ്കൂളിലും പരിസരത്തും അപായരഹിതമായി കഴിയുവാൻ പറ്റിയ അന്തരീക്ഷം സൃഷ്ടിക്കുക.<br>* കുട്ടികൾക്ക് സ്കൂളിലേ പരിസരത്ത് വെച്ച് ശാരീരിക മാനസിക ഉപദ്രവങ്ങളിൽ നിന്നുള്ള സംരക്ഷണം നൽകുക. | * സ്കൂൾ പരിസരത്ത് റോഡ് സുരക്ഷാ നിബന്ധനകൾ ഉറപ്പാക്കുക.<br>* റോഡ് സുരക്ഷ മാർഗനിർദേശങ്ങളെ കുറിച്ച് കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.<br>* സ്കൂൾ പരിസരത്ത് പുറമെ നിന്നുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുക.<br>* | ജൂൺ-മാർച്ച് | SRG |

## മേഖല : ലഹരി വിമുക്ത സ്കൂൾ മേഖല

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * സീറോ സോൺ ഉറപ്പുവരുത്തുക | * സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ യാതൊരുവിധ ലഹരി വസ്തുക്കളും വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.<br>* ലഹരി വിരുദ്ധ സന്ദേശങ്ങൾ നൽകുക.<br>* കുട്ടികൾ, രക്ഷിതാക്കൾ സമീപത്തുള്ള വിൽപ്പനക്കാർ എന്നിവർക്ക് ബോധവത്കരണം നടത്തുക. | ജൂൺ - മാർച്ച് | SRG |

## മേഖല - ജൈവവൈവിധ്യ ഉദ്യാനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * അറിവ് വളർത്തുന്നതിനും വിപുലപ്പെടുത്തുന്നതിനു സഹായകമാകും വിധം ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കുക.<br>* പാരിസ്ഥിതിക അവബോധം വളർത്തുക. | * ഉദ്യാനത്തിന്റെ രൂപകൽപ്പന, നിർമ്മാണം, പരിപാലനം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.<br>* പ്രാദേശികമായി കാണപ്പെടുന്ന സസ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്നു.<br>* സ്ഥലത്തിന്റെ സ്വാഭാവിക ഭൂദാന പരിസ്ഥിതി നിലനിർത്തുന്നു.<br>* പ്രാദേശിക വിഭവങ്ങളും വൈദഗ്ധ്യവും ഉപയോഗിച്ച് | ജൂൺ - മാർച്ച് | SRG |

| | | | |
|---|---|---|---|
| | നിർമിതി<br>* ചെടികളുടെ വളർച്ച സ്വഭാവം പരിഗണിച്ച് സ്ഥാനം നിർണയിച്ച് ചെടികൾ നടുന്നു.<br>* പക്ഷികൾക്ക് വേനൽ മാസങ്ങളിൽ ഉദ്യാനത്തിൽ ശുദ്ധ ജലം വെക്കുന്നു.<br>* ശലഭങ്ങളെ ആകർഷിക്കുന്നതിന് സഹായകമായ ചെടികൾ നട്ടുപിടിപ്പിക്കുന്നു.<br>* പ്രകൃതി സൗഹൃദ കൃഷിപരിപാലന രീതികൾ പിന്തുടരുന്നു. | | |

മേഖല : സ്കൂൾ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ക്ലാസിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിന്.<br>* സി.പി.ടി.എ ശാക്തീകരണം.<br>* സഭാകമ്പമില്ലാതെ അവതരണങ്ങൾ നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന്.<br>* പഠന ലക്ഷ്യങ്ങൾ കുട്ടികളിൽ എത്തിയെന്ന് ഉറപ്പുവരുത്തുന്നതിന് | * വ്യത്യസ്ത വിഷയങ്ങളിലെ വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളെ അവതരണയോഗ്യമാക്കുന്നു.<br>* ക്ലാസ് റൂമിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു. മാസം തോറും കൂടുന്ന CPTA യിൽ പൊതുസമൂഹത്തിന് മുന്നിൽ കുട്ടികൾ അവതരിപ്പിക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |

## പ്രതീക്ഷിത നേട്ടങ്ങൾ

* ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനം അന്തരീക്ഷം ഒരുക്കുന്നു.
* സ്കൂളിനെ സമൂഹവുമായി ബന്ധപ്പെടുത്തുന്നു.
* ജാതി മത ചിന്തകൾക്ക് അതീതമായി പ്രവർത്തിക്കുന്ന സമൂഹത്തെ നിലനിർത്താൻ കഴിയുന്നു

## മോണിറ്ററിംഗ് രീതി

* സോഷ്യൽ മോണിറ്ററിംഗ് രീതി എസ്. ആർ. ജി, എച്ച് എം, പിടിഎ, എം.പി.ടി.എ എന്നിവരെ ഉൾപ്പെടുത്തി നടപ്പാക്കുന്നു.
* ദൈനംദിന മോണിറ്ററിംഗ് കൺവീനർ, പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

# സംഗ്രഹം

GMLPS ലെ ഞങ്ങളുടെ മക്കളുടെ സമഗ്ര വിദ്യാഭ്യാസ പുരോഗതിക്ക് അടിസ്ഥാനമാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരിച്ചത്. കുട്ടികളുടെ അടിസ്ഥാന വിജ്ഞാനത്തിനും സാമൂഹിക സാംസ്കാരിക വികാസത്തിനും നിർദ്ദിഷ്ടമായ ലക്ഷ്യങ്ങൾ നേടുന്നതിൽ ഈ പ്ലാൻ വലിയ പങ്ക് വഹിക്കും. ഓരോ കുട്ടിയുടെയും പഠനത്തിലുള്ള ശേഷിയും ആവശ്യങ്ങളും പരിഗണിച്ച് അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ ഈ പദ്ധതി വിജയകരമാക്കാൻ ശ്രമിക്കുന്നു. തുടർച്ചയായ അവലോകനവും വിലയിരുത്തലുകളും നടത്തുന്നതിനാൽ ഫലപ്രദമായ പഠനപരിപാലനം ഉറപ്പാക്കാം. ഒടുവിൽ, പഠനം ഓരോ കുട്ടിക്കുമായി മനോഹരവും ഉത്സാഹജനകവും പ്രയോജനപ്രദവുമായ അനുഭവമാക്കുന്നത് ലക്ഷ്യമിടുകയാണ്. മക്കൾക്ക് ഓരോരുത്തരും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഇവിടെ ലക്ഷ്യം വെയ്ക്കുന്നു... കുട്ടികൾ വളരട്ടെ... നാളെയുടെ വാഗ്ദാനങ്ങൾ ആയി.....